# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 642 08.03.2012 - ൽ മറുപടിക്ക്

**സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ മിനിമം വേതനം ഉറപ്പു വരുത്തുന്നതിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | എ) | ഉണ്ട്.<br>തൊഴിൽ വകുപ്പിന്റെ കീഴിൽ 12.12.2011 മുതൽ സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (ഇ) മുഖേന സ്ക്വാഡ് പരിശോധന നടത്തിവരികയാണ്. ഇതിനകം 851 ആശുപത്രികളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന നടത്തി 2 ദിവസം മുതൽ 45 ദിവസത്തിനകം മിനിമം വേതനം നടപ്പാക്കാത്ത ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ കർശനമായി സ്വീകരിക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ രേഖകൾ സൂക്ഷിക്കാത്ത 2 ഹോസ്പിറ്റലുകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും 5 ഹോസ്പിറ്റലുകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇക്കാര്യത്തിൽ പൊതുവായ ഒരു സേവനവേതന വ്യവസ്ഥ പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | ബി) | ആശുപത്രി ജീവനക്കാരുടെ വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് തൊഴിൽ വകുപ്പ് 2009-ൽ ഇറക്കിയ ഉത്തരവ് കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട്, മിനിമം വേജസ് ആക്ട്, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ളിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡയ്സ്) ആക്ട്, ഗ്രാറ്റുവിറ്റി ആക്ട്, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് തുടങ്ങിയ തൊഴിൽ നിയമങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ